# സന്ദേശം

BULLETIN OF CALICUT DIOCESE

VOLUME XXXVII AUGUST 2014 No.8



പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ പതിപ്പ്

# കോഴിക്കോട് രൂപത ബുള്ളറ്റിൻ

ബിഷപ്പ്സ് ഹൗസ്, മലാപ്പറമ്പ്, കോഴിക്കോട്.

ഫോൺ: 0495 - 2370313


## ഉള്ളടക്കം


1. **മുഖമൊഴി**
2. **ഇടയമൊഴി**
   ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ
3. **ഇനീഗോ ഫ്ളെയിം – 2014**
4. **യൂത്ത് മീറ്റ് 2014**
5. **മംഗലാപുരത്തുനിന്നും സ്നേഹപൂർവ്വം മിൽട്ടനച്ചൻ**
6 **കരിഗ്മ**
7. **Bishop's Programme**





***Contact***

*calicut_diocese@yahoo.com*
*suniljpereira@gmail.com*



**രക്ഷാധികാരി:**
മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
കോഴിക്കോട് രൂപത മെത്രാൻ

**എഡിറ്റോറിയൽ ബോർഡ്:**
ഫാ.എ.ഡി. മാത്യു
ഫാ. ജിജു പള്ളിപ്പറമ്പിൽ
ഫാ. ടോണി ഗ്രേഷ്യസ്
ഫാ. സുനിൽ പെരേര

**പ്രൂഫ് റീഡർ:**
ഫാ. ജിയോ പഴ്യപ്പിള്ളി

**സർക്കുലേഷൻ മാനേജർ:**
സി. അന്ന മരിയ



ഫാ. സുനിൽ പെരേര

# മുഖമൊഴി

ഇന്നേവരെ ഏറ്റവുമധികം ആളുകൾ യു ട്യൂബിൽ വീക്ഷിച്ച വീഡിയോ സൗത്ത് കൊറിയൻ പാട്ടുകാരൻ പാർക്ക് ജയ്-സാം ഗിന്റെ (സൈ) 'ഗന്നം സ്റ്റൈൻ' എന്ന ഗാനമാണെന്ന് കരുതപ്പെടുന്നു. 'കുട്ടികൾക്ക് കാണാൻ പാടില്ലാത്തത്' 'ഉന്മാദത്തിന്റെ യംശം കൂടുതലുള്ളത്' എന്ന ചില വിശേഷണങ്ങളും ഇദ്ദേഹത്തിന്റെ പാട്ടുകൾക്ക് ചാർത്തിക്കിട്ടിയിട്ടുണ്ട്. പാർക്കിന്റെ 'ഭ്രാന്തൻ' നൃത്തച്ചുവടുകൾ വെസ്റ്റ് ഇന്ത്യൻ ക്രിക്കറ്റ് ടീമംഗങ്ങൾ കളിക്കളത്തിലെ ആഘോഷങ്ങളുടെ ഭാഗമാക്കിയപ്പോൾ അത് തരംഗമായി. പ്രായഭേദമെന്യേ നമ്മുടെ നാട്ടിലും ആളുകൾ ഈയടുത്ത കാലംവരെ "ഓപ്പൺ ഗന്നം സ്റ്റൈൻ" മൂളിക്കൊണ്ട് നടന്നു.

യഥാർത്ഥത്തിൽ, കൊറിയൻ സമ്പന്ന സമൂഹത്തിന്റെ 'എലീറ്റിസത്തെ' പരിഹസിച്ചുകൊണ്ടുള്ളൊരു ആക്ഷേപഹാസ്യമാണ് തന്റെ പാട്ടുകളെന്ന് പാർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്.

പ. പിതാവ് ഫ്രാൻസീസ് തന്റെ ആദ്യ ഏഷ്യൻ പര്യടനം സൗത്ത് കൊറിയയിൽ സമാപിച്ച് മടങ്ങിയിട്ട് ഏറെ ദിനങ്ങൾ ആയിട്ടില്ല. വളരെ ആഹ്ലാദത്തോടെയാണ് കൊറിയൻ സഭ പ. പിതാവിനെ സ്വീകരിച്ചതെന്ന് നമ്മൾ മാധ്യമങ്ങളിലൂടെ കണ്ടു. കൊറിയൻ മണ്ണിൽ വിനയാന്വിതനായ് കാലുകുത്തിയ പിതാവ് തിരഞ്ഞെടുത്തത് ആ രാജ്യത്ത് ലഭ്യമായതിൽ വച്ച് ഏറ്റവും ചെറിയ കാറുകളിൽ ഒന്നായിരുന്ന ('കിയ-സോൾ' എന്ന ഇത്തിരിക്കുഞ്ഞൻ). കൊച്ചുകാറിൽ കയറി ചില്ലുജാലകം താഴ്ത്തി പുഞ്ചിരിയോടെ കൈവവീശിയ പിതാവിനെക്കണ്ട് പലരും മൂക്കത്ത് വിരൽവെച്ചു. കാരണം കൊറിയയിൽ വരുന്ന വിദേശ നേതാക്കൾ സഞ്ചരിക്കുന്ന കാറിന്റെ വലിപ്പവും സവിശേഷതകൾ പോലും ശ്രദ്ധിക്കുന്നത് അവരുടെ ഒരു രീതിയാണത്രേ. ഇങ്ങനെ കൊറിയൻ സമൂഹത്തിന്റെ സമ്പന്ന സംസ്ക്കാരത്തെ മാർപാപ്പ അഭിമുഖീകരിച്ചത് തന്റെ സ്വതസിദ്ധമായ ലാളിത്യംകൊണ്ടാണ്. സമ്പത്തിനും ശക്തിപ്രകടനത്തിനും

എതിരെയുള്ള പരിഹാസമായി പലരും അതിനെ കണ്ടു. ട്വിറ്ററിൽ ഒരാൾ എഴുതിയത് ഇങ്ങനെയാണ്. " He uses a soul because he is full of soul''

സഭ ചെറിയവരുടെ സഭയാണ് എന്ന പാപ്പായുടെ വിശ്വാസം വളരെ ശക്തമായ് പ്രകടിപ്പിക്കാൻ ഈയൊരു പ്രതീകാത്മക പ്രവൃത്തിയിലൂടെ പാപ്പായ്ക്ക് കഴിഞ്ഞു.

ഓഗസ്റ്റ്, ഇന്ത്യൻ സ്വാതന്ത്ര്യ സമര ചിന്തകളും മനസ്സിലുണർത്തുന്ന മാസമാണല്ലോ. ബക്കിംഹാം കൊട്ടാരത്തിലേക്ക് നഗ്നപാദനായ് (ഷൂസ് ധരിക്കാതെ) കയറിച്ചെന്ന അർദ്ധനഗ്നനായ ഫക്കീറിനെ (ഗാന്ധിജിയെ) നാം നന്ദിയോടെ ഓർക്കുന്നു. ലോകം കണ്ടതിൽവച്ച് ഏറ്റവും വലിയ രക്തരഹിത വിപ്ലവം നയിച്ച ഈ അസാധാരണ മനുഷ്യനും ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും വക്താവായിരുന്നു.

ഇന്ന് നമ്മുടെ ലോകം ഭയാനകമായൊരു വൈരുദ്ധ്യത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വളർന്ന ആഗോളവൽക്കരണവും അന്താരാഷ്ട്ര കച്ചവടബന്ധങ്ങളും ജനപഥങ്ങളെ പരസ്പരം അടുപ്പിക്കുമെന്നും സായുധ പോരാട്ടങ്ങൾക്ക് പകരം അവർ കച്ചവടം നടത്തുമെന്നും, സാമ്പത്തിക താൽപര്യങ്ങൾ പരസ്പര യുദ്ധങ്ങളെ നിരുൽസാഹപ്പെടുത്തുമെന്നും കരുതി അമേരിക്ക നേതൃത്വം കൊടുത്ത ആഗോളവൽക്കരണത്തിന് വംശീയവും മതപരവും ചരിത്രപരവുമായ വിടവുകളെ നികത്താനാകുന്നില്ല എന്നതിനുള്ള തെളിവാണ് ഇറാഖും സിറിയയും ഉക്രൈനും ഗാസയും. ആഗോളവൽക്കരണവും ഡിജിറ്റൽ വിപ്ലവവും മനുഷ്യനെ പരസ്പരം അടുപ്പിക്കുന്തോറും ജനതകൾ തമ്മിലുള്ള വിശ്വാസരാഹിത്യം അവസാനിക്കുന്നില്ല. ആഗോള കച്ചവടബന്ധങ്ങൾ മാത്രമല്ല, ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും ആഗോളവൽക്കരണം ലോക സമാധാനത്തിനായി നമുക്കാവശ്യമെന്ന് തോന്നുന്നു. ഇന്നലെ ഗാന്ധിജിയും ഇന്ന് മാർപാപ്പയും കാണിച്ചുതരുന്ന മാർഗ്ഗങ്ങൾ മനുഷ്യ ഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠ നേടിയാൽ ഈ ഭ്രാന്തൻ ലോകം എത്ര സമാധാനപൂർണമായേനെ.



**ബിഷപ് വർഗീസ് ചക്കാലയ്ക്കൽ**

എന്റെ വിദേശയാത്ര കഴിഞ്ഞ് നിത്യനഗരമായ റോമിൽ നിന്ന് ജൂലായ് മാസം 8നാണ് ഇന്ത്യയിലേക്ക് ഞാൻ യാത്ര തിരിച്ചത്. ഉച്ചകഴിഞ്ഞ് 3.30നായിരുന്നു റോമിൽ നിന്നും ദുബായിലേക്ക് വിമാനയാത്ര. അർധരാത്രിയോടുകൂടി വിമാനം ദുബായിൽ എത്തി. വെളുപ്പിന് 3.40 നായിരുന്നു കോഴിക്കോട്ടേക്കുള്ള വിമാനം. 12-ാമത്തെ ഗേയ്റ്റിൽ നിന്നുമാണ് വിമാനം പുറപ്പെടുന്നത്. ഞാനവിടേക്ക് നടന്നു. എല്ലാ സ്ഥലത്തും നിറയെ ആളുകൾ. ആ സമയം തന്നെ കൊച്ചിയിലേക്കും തിരുവനന്തപുരത്തേക്കും മറ്റും വിമാനങ്ങളുണ്ട്. ഞാൻ സാവധാനം നടന്ന് 12-ാം ഗേയ്റ്റിൽ ഒഴിഞ്ഞുകിടന്ന ഒരു കസേരയിൽ ഇരുന്നു. എന്റെ ഇടത്തുവശത്തായി ഇരുന്നത് എട്ടുവയസ്സുകാരനായ ഒരു കുട്ടിയായിരുന്നു. ഞാനവിടെയിരുന്ന് പതുക്കെ മയങ്ങിപ്പോയി. കുറച്ചു കഴിഞ്ഞ് ആരോ എന്നെ തൊട്ടു വിളിക്കുന്നതായി അനുഭവപ്പെട്ടു. ഞാൻ നോക്കിയപ്പോൾ എന്റെ അടുത്തിരുന്ന കുട്ടി എന്നെ വിളിക്കുകയാണ്. എന്നോട് അവൻ ചോദിച്ചു. ഫാദർ ആണോ? ഞാൻ പറഞ്ഞു. അതെ. അവൻ വീണ്ടും ചോദിച്ചു ഫാദർമാർ ഇതുപോലുള്ള കുരിശുമാല ഇട്ടുകണ്ടിട്ടില്ലല്ലോ?" ഞാൻ അതിനും ഉത്തരം കൊടുത്തു. പിന്നെ ചോദ്യങ്ങളുടെ ഒരു പ്രവാഹമായിരുന്നു. അവന്റെയടുത്തിരുന്ന അവന്റെ 10 വയസ്സുകാരിയായ ചേച്ചിയും അമ്മയും ഞങ്ങളുടെ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞാനൊരു ബിഷപ്പ് ആണെന്നറിഞ്ഞപ്പോൾ അവർ മൂന്നുപേരും എന്നോട് സംസാരിക്കാൻ തുടങ്ങി. എന്റെ അടുത്തിരുന്ന സഹയാത്രികരും ഞങ്ങളുടെ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവന്റെ അമ്മ ഒരു നിയമബിരുദധാരിയാണ്. ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

അവർ തലശ്ശേരിക്കാരാണെന്നും ഹൈന്ദവരാണെന്നും ഞാൻ

മനസ്സിലാക്കി. കുറച്ചു കഴിഞ്ഞപ്പോൾ അവരുടെ അമ്മ പറഞ്ഞു. തിരുമേനി ഇവരെയൊന്ന് പ്രാർഥിച്ചു അനുഗ്രഹിക്കണം." ഞാൻ എഴുന്നേറ്റ് കുട്ടികളുടെ രണ്ടുപേരുടെയും തലയിൽ കൈവെച്ച് പ്രാർഥിച്ചു അനുഗ്രഹിച്ചു. പെട്ടെന്നാണ് അത് സംഭവിച്ചത്. ഈ ആൺകുട്ടി എന്നെ പിടിച്ചു വലിച്ചു അവന്റെ അമ്മയുടെ അടുത്തേക്ക് കൊണ്ടുപോയി. അവൻ തന്നെ എന്റെ ഒരു കരം ഉയർത്തി അവന്റെ അമ്മയുടെ തലയിൽ വെച്ചു. എന്റെ കൈ അവൻ മുറുകെപിടിച്ചിരിക്കുകയാണ്. ഞാൻ പ്രാർഥിക്കുവാൻ തുടങ്ങി. അപ്പോൾ അവൻ പറഞ്ഞു. "അമ്മയും അച്ഛനും തമ്മിലുള്ള വഴക്കിടൽ അവസാനിക്കാൻ വേണ്ടി ഫാദർ പ്രാർഥിക്കണം." ഞാൻ ചിരിച്ചുകൊണ്ട് അവനെ നോക്കി. അമ്മയുടെ തലയിൽ നിന്ന് ഞാൻ കൈ എടുത്തപ്പോൾ അവൻ എന്റെ കൈ അവിടെ തന്നെ പിടിച്ചുവെച്ചുകൊണ്ട് പറഞ്ഞു: 'അമ്മ അച്ഛനെ തല്ലുന്നത് നിറുത്തുവാൻ നന്നായി ഫാദർ പ്രാർഥിക്കണം." വീണ്ടും ഞാൻ പ്രാർഥിച്ചു. ഇതെല്ലാം കണ്ടുകൊണ്ട് ധാരാളം യാത്രക്കാർ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അവന്റെ അമ്മ ഇതെല്ലാം കേട്ട് ചെറുതായി പുഞ്ചിരിച്ചതേയുള്ളൂ. കുറച്ചു കഴിഞ്ഞ് അവർ എന്നോട് പറഞ്ഞു. "ഞങ്ങളുടെ കുടുംബജീവിതം യാതൊരു പൊരുത്തവും ഇല്ലാത്തതാണ്. എന്റെ ഭർത്താവ് ബോംബെക്കാരനാണ്. ഞങ്ങളുടെ കൂടെ യാത്ര ചെയ്യാൻ പോലും ഇഷ്ടപ്പെടാത്ത ആൾ. അയാൾ ബോംബെയിലേക്ക് പോയി. ഞങ്ങൾ കേരളത്തിലേക്കും പോകുന്നു." സമയമായതുകൊണ്ട് വിമാനത്തിലേക്ക് കയറാൻ ഞങ്ങളെല്ലാവരും നടന്നു. കോഴിക്കോട് വന്നിറങ്ങിയപ്പോഴും ഞാനവരെ കണ്ടു പ്രാർഥിക്കണമെന്ന് പറഞ്ഞു. ഞാനിന്നും അവർക്കുവേണ്ടി പ്രാർഥിക്കുന്നു. ആ മുഖങ്ങൾ ഒന്നും എനിക്ക് മറക്കാൻ സാധിക്കുന്നില്ല.

ഈ സംഭവം ഞാൻ എഴുതിയത് കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ചൂണ്ടിക്കാട്ടുവാനാണ്. സപ്തംബറിൽ നടക്കുന്ന മെത്രാൻമാരുടെ അസാധാരണ സിനഡ് ചർച്ച ചെയ്യുന്ന വിഷയം 'കുടുംബമാണ്'. കുടംബത്തെ 'സ്നേഹത്തിന്റെ കേന്ദ്രം' ആക്കി മാറ്റുവാൻ നമ്മൾ ശ്രമിക്കണം. കുടുംബത്തിൽ ഭരണം നടത്തേണ്ടത് ആധിപത്യമോ ശക്തിയോ അല്ല മറിച്ച് സ്നേഹമാണ്. കുടുംബത്തിന്റെ നിയമം പരസ്പര ബഹുമാനവും കൂട്ടായ്മയുമാണ്. അമ്മയെ അനുഗ്രഹിക്കാൻ പറഞ്ഞ എട്ടു വയസ്സുകാരനെ ഞാനോർക്കുന്നു. മാതാപിതാക്കൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ അവനെ ആകുലപ്പെടുത്തുന്നുണ്ട്.

അസ്വസ്ഥനാക്കുന്നുണ്ട്; അവന്റെ ഹൃദയത്തിൽ മുറിവുകളും ഉണ്ടാക്കുന്നു. പൊരുത്തപ്പെടലിന്റെ ഒരു തത്വശാസ്ത്രം കുടുംബത്തിൽ വളരണം. അത് വളർത്താൻ നിങ്ങളെല്ലാവരും ശ്രമിക്കണം.

ഇന്ത്യ സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. 67 വർഷങ്ങൾക്ക് മുമ്പ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭാഷയിൽ "ലോകം ഉറങ്ങിയപ്പോൾ ആഗസ്റ്റ് 14ന് അർധരാത്രിയിൽ നാഴികമണി പന്ത്രണ്ട് അടിച്ചപ്പോൾ, ഇന്ത്യ സ്വാതന്ത്ര്യത്തിലേക്കും ചിരന്തര ശാന്തിയിലേക്കും പ്രവേശിച്ചു. 67 വർഷങ്ങൾ പിന്നിട്ടും നമ്മൾ എന്തു നേടി? എന്ന ചോദ്യം പ്രസക്തമാണ്. അതിനുള്ള ഉത്തരം നമ്മൾ സ്വാതന്ത്ര്യത്തോടെ ജീവിച്ചു എന്നതാണ്. ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്ത് ജനിക്കാൻ കഴിഞ്ഞത് നമ്മുടെ ഭാഗ്യം. ഇന്ത്യ ഇക്കാലയളവിൽ ഒരു ജനാധിപത്യ രാഷ്ട്രമായി നിലകൊണ്ടുവെന്നുള്ളത് വലിയ നേട്ടമാണ്. നമ്മുടെ അയൽരാജ്യങ്ങൾ പലതും പട്ടാളഭരണത്തിലും ഏകാധിപത്യത്തിലും അമർന്നപ്പോൾ, ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി നിലകൊണ്ടു. നമ്മുടെ രാജ്യത്തിന് കുറ്റങ്ങളും കുറവുകളും ഉണ്ട്. എന്നാൽ ഈ രാജ്യത്തെ സ്നേഹികകണം. ഒരൊറ്റ ജനത ഒരേ ഒരു ഇന്ത്യ എന്ന ആശയം ജീവിക്കണം. ഇതെന്റെ മണ്ണ് എന്ന് അഭിമാനത്തോടെ പറയണം. അങ്ങിനെ പറയാൻ നമ്മുടെ വരുംതലമുറയെ പഠിപ്പിക്കണം.

താഴെപറയുന്ന സ്വാതന്ത്ര്യദിന ചിന്തകൾ നിങ്ങളുടെ മുമ്പിൽ ഞാൻ സവിനയം സമർപ്പിക്കുന്നു.

"ഓരോ അവകാശത്തിനും ഉത്തരവാദിത്വവും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഓരോ അവസരവും ഒരു കടമയാണ്. ഓരോ സ്വന്തമാക്കലും ഒരു കടപ്പാടാണ്."

"നിയമം മനുഷ്യനുവേണ്ടിയാണെന്നും മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല എന്നുംഞാൻ വിശ്വസിക്കുന്നു. ഭരണാധികാരികൾ യജമാനന്മാരല്ല ജനങ്ങളുടെ സേവകരാണ്."

"ജോലിയുടെ മഹത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. കൈകൊണ്ട് ചെയ്യുന്ന ജോലിക്കും ബുദ്ധികൊണ്ടുചെയ്യുന്ന ജോലിക്കും തുല്യ മഹത്വമാണ്. ലോകം ഒരു മനുഷ്യനും ജീവിതമാർഗ്ഗം നേടിക്കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുന്നില്ല. മറിച്ച് ഓരോ മനുഷ്യനും തന്റെ ജീവിതമാർഗ്ഗം സ്വയം കണ്ടെത്തണം."

" നല്ലൊരു ജീവിതക്രമത്തിന് മിതവ്യയം ആവശ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

"സ്ഥായിയായ ഒരു സാമൂഹ്യ ക്രമത്തിന് അടിസ്ഥാനമായത് സത്യവും നീതിയുമാണെന്ന് ഞാൻ വിശ്വസിക്കുന്നു."

'വാഗ്ദാനത്തിന്റെ പരിശുദ്ധിയിൽ ഞാൻ വിശ്വസിക്കുന്നു. പണമോ അധികാരമോ, സ്ഥാനമാനങ്ങളോ അല്ല ഏറ്റവും വിലപ്പെട്ടത്. മറിച്ച് സ്വഭാവമാണ്."

"അനന്തജ്ഞാനിയും സ്നേഹവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ഒരു വ്യക്തിയുടെ ഏറ്റവും വലിയ പൂർണ്ണത, സന്തോഷം, ദൈവഹിതവുമായി താദാത്മ്യം പ്രാപിച്ച് ജീവിക്കുമ്പോഴാണ് സംഭവിക്കുന്നത്."

'സ്നേഹമാണ് ലോകത്തിലെ ഏറ്റവും വലിയ കാര്യമെന്ന് ഞാൻ വിശ്വസിക്കുന്നു. സ്നേഹത്തിനു മാത്രമേ വിദ്വേഷത്തെ കീഴടക്കുവാനാകുകയുള്ളൂ. നൻമ എപ്പോഴും കയ്യൂക്കിന്റെ മേൽ വിജയം വരിക്കും."

(കടപ്പാട് ജോൺ ഡി. റോക്ക് ഫെല്ലർ)

നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

## നിർമ്മല നഴ്സിംഗ് കോളേജ് ഡേ



നിർമ്മല നേഴ്സിംഗ് കോളേജ് ഡേ ആഘോഷത്തിൽ നിന്ന്



# ഇനീഗോ ഫ്ളെയിം-2014

(ക്രിസ്ത്യൻ ലൈഫ് കമ്യൂണിറ്റി - സി.എൽ.സി.)
കോഴിക്കോട് രൂപത, വയനാട് മേഖല

സഭയിലും സമൂഹത്തിലും പുതിയ മാനങ്ങൾ നൽകിയ ഈശോ സഭാസ്ഥാപകനും, തിരുസഭയിൽ ആത്മീയ നവീകരണത്തിനും വിശ്വാസ സംരക്ഷണത്തിനും പ്രേഷിത പ്രവർത്തനത്തിനും പുതിയ വഴിത്താരകൾ വെട്ടിത്തുറന്ന സി.എൽ.സിയുടെ ആത്മീയ പിതാവുമായ വി. ഇഗ്നേഷ്യസ് ലയോളയുടെ 458-ാം തിരുന്നാൾ ലോകമെമ്പാടും കൊണ്ടാടുന്നതിന്റെ ഭാഗമായി കോഴിക്കോട് രൂപത വയനാട് മേഖല സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ 2014 ജൂലായ് 31 മുതൽ ആഗസ്റ്റ് 9 ശനി വരെ ഇനീഗോ ഫ്ളെയിം -2014 എന്ന പേരിൽ കൊണ്ടാടുകയാണ്. ജൂലൈ 31 വ്യാഴാഴ്ച 5 മണിക്ക് മേപ്പാടി സെന്റ് ജോസഫ് ദേവാലയത്തിൽവെച്ച് ഫാ.ജോസഫ് കെ.എസ്. വിശുദ്ധന്റെ ഛായാചിത്രം ആശീർവദിച്ച് ശേഷം സി.എൽ.സി. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീ. തോമസ് പീറ്ററിന് കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് കൽപ്പറ്റ തിരുഹൃദയ ദേവാലയത്തിൽ ഫാ. ഫ്രാൻസൻന്റെയും ഫാ. സിലന്റെയും നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും വൈത്തിരി സെന്റ് ജോസഫ് ദേവാലയത്തിൽ ഫാ. എഡ്വിന്റേയും ഫാ. ഫ്രാൻസൻന്റെയും, ഫാ.ഡെന്നി മോസസിന്റെയും നേതൃത്വത്തിൽ ദിവ്യബലിയും, ചുണ്ടേൽ സെന്റ് യൂദാ തദേവൂസ് തീർത്ഥാടനകേന്ദ്രം, കാപ്പംകൊല്ലി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം, തൃക്കൈപ്പറ്റ സെന്റ് ജോർജ് ദേവാലയം, അമ്പലവയൽ തിരുഹൃദയ ദേവാലയം, പൂമല ഹോളിക്രോസ് ദേവാലയം, മാനന്തവാടി അമലോൽഭവ മാതാ ദേവാലയം, പിലാക്കാവ് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം എന്നിവിടങ്ങളിൽ ദിവ്യകാരുണ്യ ആരാധനയും നടന്നു. തുടർന്ന് ആഗസ്റ്റ് 9 ശനിയാഴ്ച പിലാക്കാവിൽ നിന്നും പുറപ്പെടുന്ന ഛായാചിത്ര പ്രയാണം റിപ്പൺ സെന്റ് ആന്റണീസ് ദേവാലയത്തിൽ രാവിലെ 9.30തിന് എത്തിച്ചേർന്നു. ഫാ.ജോസ്സി ഒ.സി.ഡിയുടെ നേതൃത്വത്തിൽ സെമിനാറും ദിവ്യബലിയും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

# എഡിറ്റോറിയൽ ബോർഡ്

പ്രിയ വൈദിക സഹോദരൻമാരേ,

നമ്മുടെ രൂപതയുടെ ന്യൂസ് ബുള്ളറ്റിൻ സന്ദേശം മാസിക കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കെട്ടിലും മട്ടിലും അനുചിതമായ മാറ്റങ്ങൾ വരുത്തുവാൻ എക്കാലവും ശ്രമിച്ചിട്ടുണ്ട്. രൂപതയുടെ വാർത്തകൾക്ക് പുറമെ കേരളസഭയിലും ആഗോള സഭയിലും നടക്കുന്ന ശ്രദ്ധേയമായ വാർത്തകളും നമ്മുടെ ഇടവകകളിൽ നടക്കുന്ന പരിപാടികളുടെയും വാർത്തകളും നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

രൂപതയിലെ വിവിധ മിനിസ്ട്രികളും അപ്പോസ്തലേറ്റുകളും അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താൽപര്യപ്രകാരം ഇക്കഴിഞ്ഞ മാസങ്ങളിൽ ക്രമീകരിച്ചു കഴിഞ്ഞല്ലോ. സന്ദേശം മാഗസിനും അതോടൊപ്പം ചില മാറ്റങ്ങൾ വരുത്തി വിപുലീകരിക്കാൻ ആഗ്രഹിക്കുന്നു.

രൂപതയുടെ വാർത്തകൾ നമുക്ക് ദൈവജനത്തിലേക്ക് കൂടുതലായ് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സന്ദേശം ഇടവകയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുവാൻ സഹകരിക്കണമെന്ന് ഞങ്ങൾ വികാരിയച്ചൻമാരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകകളിലേക്കും കുടുംബങ്ങളുടെ എണ്ണം അനുസരിച്ച് കോപ്പികൾ അയക്കുന്നതാണ്. കുടുംബയൂണിറ്റുകൾവഴി അവ വിതരണം ചെയ്യുക. ഇങ്ങനെ വരുന്ന കോപ്പികൾക്ക് ഒരു ചെറിയ വരിസംഖ്യയും തരേണ്ടതാണ്. കോപ്പിക്ക് പത്തുരൂപയും ഒരു വർഷത്തേക്ക് 120 രൂപയും ആയിരിക്കും കോപ്പിക്ക് വരിസംഖ്യ തരേണ്ടത്. കുടുംബയൂണിറ്റുകൾവഴിതന്നെ വരിസംഖ്യയും ഈടാക്കാവുന്നതാണ്. മാഗസിൻ പ്രിന്റ് ചെയ്യാൻ വേണ്ടി വരുന്ന ഭീമമായ ചിലവ് ലഘൂകരിക്കാനാണിത്. സന്ദേശം സർക്കുലേഷൻ മാനേജർ ജനറലായ് ഫാ.ടോണി ഗ്രേഷ്യസിനെയും അസോസിയേറ്റ്സ് ആയി ഫാ.വിമൽ, ഫാ. സജി, ഫാ. പോൾ, ഫാ. മെജോ, ഫാ.ലാൽ ഫിലിപ്പ് എന്നിവരെ എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുത്തു.

സ്നേഹാശംസകളോടെ സന്ദേശം ടീം.

# ആദരിച്ചു

കോഴിക്കോട് കാത്തലിക് യങ്മെന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് അമല ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് എസ്.എസ്.എൽ.സിക്ക് 100 ശതമാനം വിജയം നേടിയ നഗരത്തിലെ സ്കൂളിലെ പ്രധാന അധ്യാപകരെ ആദരിച്ചു. സിറ്റിയിലെ 140 എൽ.പി, യു.പി., എച്ച്.എസ്. വിദ്യാർത്ഥികൾക്ക് പഠനോപകരണ സഹായം വിതരണം ചെയ്തു. ശ്രീ. എം.കെ.രാഘവൻ എം.പി. ഉദ്ഘാടനം ചെയ്ത യോഗത്തിൽ റവ.ഫാ.ഡോ. അലോഷ്യസ് കുളങ്ങര അനുഗ്രഹ പ്രഭാഷണം നടത്തി. റവ.ജോർജ് പുച്ചായിൽ ശ്രീമതി കമല രഘുനാഥ് (വാർഡ് കൗൺസിലർ) ജിയോ ജെയിസൻ എന്നിവർ പ്രസംഗിച്ചു.




# അഭിനന്ദനങ്ങൾ

തിയോളജിയിൽ ലൈസൻഷ്യേറ്റ് പൂർത്തിയാക്കിയ ഫാ. അലക്സിനും ബ്രദർ ഷാനുവിനും അഭിനന്ദനങ്ങൾ. ഫാ. അലക്സ് ഉർബാനിയാന യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്യുന്നു. രൂപതയിൽ തിരിച്ചെത്തിയ ബ്രദർ ഷാനു ഒക്ടോബർ 18 ന് തിരുപട്ടം സ്വീകരിക്കും.







# ചെറുവണ്ണൂർ തിരുഹൃദയ ദേവാലയ ചരിത്ര സെമിനാർ

കേരള ലാറ്റിൻ കത്തോലിക് അസോസിയേഷൻ ചെറുവണ്ണൂർ തിരുഹൃദയ ദേവാലയം യൂണിറ്റിന്റെ നേതൃത്വത്തിൽ 2014 ജൂലൈ 13ന് സംഘടിപ്പിച്ച ഇടവക ചരിത്ര സെമിനാർ കഴിഞ്ഞ 75 വർഷത്തെ ചരിത്രത്തിന്റെ ചുരുൾ നിവർത്തി.

''ചെറുവണ്ണൂരിൽ ലത്തീൻ സമുദായത്തിന്റെ ആരംഭവും വളർച്ചയും" എന്ന വിഷയം അവതരിപ്പിച്ചത് ഇടവകാംഗവും മുൻ വികാരിയും, മുൻ വികാരി ജനറലുമായിരുന്ന ബഹുമാനപ്പെട്ട ജോസഫ് വലാണ്ടറച്ചനായിരുന്നു. സംഭവങ്ങളുടെ കൂട്ടിരിപ്പാണ് ചരിത്രം എന്ന യാഥാർത്ഥ്യത്തെ കൂട്ടുപിടിച്ച് 1930 മുതലുള്ള ചെറുവണ്ണൂർ ദേശത്തിന്റെ കഥ കൂട്ടിവായിക്കുകയായിരുന്നു ബഹുമാനപ്പെട്ട വലാണ്ടറച്ചൻ തന്റെ പ്രബന്ധാവതരണത്തിലൂടെ. സെമിനാറിൽ സംബന്ധിച്ച 150 പേർക്കും ആവേശവും വിസ്മയവും ഉണർത്തുന്ന പൂർവ്വകാല ചരിത്രം തിരുഹൃദയ ദേവാലയത്തിന്റെ മാത്രം ചരിത്രമായിരുന്നില്ല. മറിച്ച് ലിറ്റിൽ ഫ്ളവർ സ്കൂൾ, ഓർഫനേജ്, ലിറ്റിൽ ഫ്ളവർ സ്തംഭം, കമാനപാലം, ഫറോക്ക് പാലം മുതൽ ഫാറൂഖ് കോളജ് മുതൽ മീഞ്ചന്ത വരെയുള്ള മറ്റു മതസ്ഥരുടെ ജീവിതവുമായും ബന്ധപ്പെട്ട് ചരിത്രം അച്ചൻ ഒരു ചിത്രംപോലെ വരച്ചുകാണിച്ചു. "ഇടവകയുടെ തനിമയും ചൈതന്യവും" നിലനിർത്താൻ വിശ്വാസികൾ തയ്യാറാകണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് അച്ചൻ ചരിത്രസെമിനാറിന് തുടക്കം കുറിച്ചു. തുടർന്ന് ചർച്ചകൾ നടന്നു.

ചർച്ചയിൽ ഉയർത്തിരിഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ചരിത്രങ്ങളടങ്ങിയ ഒരു രേഖ പുറത്തിറക്കാനുള്ള തീരുമാനം ബഹു. വികാരിയച്ചൻ അറിയിച്ചു. ഇടവകാ ചരിത്രത്തോട് കൂട്ടിവയ്ക്കപ്പെട്ട മറ്റൊരു സംരംഭമായി ഈ പഠന ശിബിരം.




## പ്രൊവിഡൻസ് വിമൻസ് കോളേജ്

പ്രൊവിഡൻസ് വിമൻസ് കോളേജിന്റെ ചരിത്രത്തിൽ സുപ്രധാന നാഴികക്കല്ലായി പുതുതായി പണിതീർത്ത പി.ജി. ബ്ലോക്കും പുതിയ തായി ലഭിച്ച പി.ജി. കോഴ്സുകളും ഉദ്ഘാടനം ചെയ്തു. കോഴിക്കോട് രൂപതാ അധ്യക്ഷൻ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കലും പ്രസിദ്ധ വ്യാപാരി യൂസഫലിയും, കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ നീത, അപ്പോ സ്തലിക് കാർമ്മൽ സിസ്റ്റേഴ്സിന്റെ കൗൺസിലർ സിസ്റ്റർ ജൊവീ റ്റയും ടീച്ചർമാരും, പി.റ്റി. എ. അംഗങ്ങളും വിദ്യാർത്ഥിനികളും സന്നി ഹിതരായിരുന്നു.

## പരിശുദ്ധ കുർബ്ബാനയുടെ അസാധാരണ ശുശ്രൂഷകളുടെ സെമിനാർ

പരിശുദ്ധ കുർബ്ബാനയുടെ അസാധാരണ ശുശ്രൂഷകരായി നിയ മിക്കുന്ന സിസ്റ്റേഴ്സിന് പരിശീലനം നൽകുന്ന സെമിനാർ നവജ്യോ തിസ് റിന്യൂവൽ സെന്ററിൽവെച്ച് **സെപ്റ്റംബർ 13-ാം തിയ്യതി** നട ക്കുന്നു.

1. വികാരിയച്ചന്മാർ രണ്ടോ അതിലധികമോ സിസ്റ്റർമാരെ സെമി നാറിൽ അയയ്ക്കുക.
2. നിലവിൽ പരിശുദ്ധ കുർബ്ബാന കൊടുക്കുന്ന എല്ലാ സിസ്റ്റർമാരും ഇതിൽ പങ്കെടുക്കേണ്ടതാണ്.
3. ഈ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ കുർബ്ബാന കൊടു ക്കാനുള്ള അനുവാദം ഉണ്ടാവുകയുള്ളൂ.
4. ഈ അനുവാദം കോഴിക്കോട് രൂപതയിൽ രണ്ട് വർഷത്തേക്ക് മാത്രമായിരിക്കും.
5. സെമിനാറിൽ പങ്കെടുക്കുന്നവർ നേരത്തെ അറിയിക്കുന്നത് നല്ല തായിരിക്കും.

# കുടുംബ പ്രേഷിത യൂണിറ്റും ഹോം മിഷനുമായി വയനാട് ഫാമിലി അപ്പസ്തോലേറ്റ്

കോഴിക്കോട് രൂപത-വയനാട് നോർത്ത്, സൗത്ത് മേഖല ഫാമിലി അപ്പോസ്തലേറ്റ് യോഗം പനമരം നിത്യസഹായമാതാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ മേഖലയിലെ വിവിധ ഇട വകകളിൽ നിന്നായി 65 പേർ പങ്കെടുക്കുകയുണ്ടായി.

കുടുംബപ്രേഷിതത്വം രൂപതയിൽ ഊർജസ്വലമാക്കുക എന്ന ലക്ഷ്യ ത്തോടെ ചേർന്ന യോഗത്തിൽ മേഖല ഡയറക്ടർ ഫാ. ജിജു പള്ളി പ്പറമ്പിൽ അധ്യക്ഷം വഹിച്ചു. ഇടവക വികാരി ഫാ. മരിയൻ സ്വാഗതം ആശംസിക്കുകയും മേഖല ആനിമേറ്റർ സിസ്റ്റർ ജ്യോത്സ്ന കഴിഞ്ഞ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കുടുംബ പ്രേഷിതത്വം കൂടുതൽ ഫലവത്താക്കേണ്ടതിന്റെ അടിയന്തിര ആവശ്യകത ഫാ. ജിജു തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കുടുംബബന്ധങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുവാനും വിശ്വാ സജീവിതത്തെ ശക്തിപ്പെടുത്തുവാനും നല്ല രക്ഷാകർതൃത്വം സംജാ തമാക്കുവാനും സമർപ്പിത മനോഭാവത്തോടെ കൂടുതൽ വളണ്ടിയേഴ്സ് മുന്നോട്ടു വരേണ്ടത് ഇന്നിന്റെ ആവശ്യകതയാണ് എന്ന് രൂപത ഡയ റക്ടർ ഫാ. സെബാസ്റ്റ്യൻ കാരയ്ക്കാട്ട് തന്റെ മുഖ്യഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി. സജീവ ചർച്ചക്കുശേഷം മേഖലാ കമ്മിറ്റി യംഗങ്ങളെ വിപുലപ്പെടുത്തുകയും മേഖലാതല കൗൺസിലിംഗ് ടീം ഹോം മിഷനു താൽപര്യമുള്ള വളണ്ടിയേഴ്സിനെ കണ്ടെത്തുകയും ചെയ്തു. യോഗത്തിലെ നിർദ്ദേശപ്രകാരം വിവിധ പ്രവർത്തനങ്ങളെ മുൻഗണനാക്രമത്തിൽ തരംതിരിച്ചു. ഇടവകാതലത്തിൽ ഫാമിലി അപ്പ സ്തോലേറ്റ് യൂണിറ്റ് രൂപീകരിക്കുവാനും ദമ്പതീ കൂട്ടായ്മകൾ ആരം ഭിക്കുവാനും തീരുമാനിച്ചു.






# യുവജനങ്ങൾ വിശുദ്ധരുടെ ജീവിതം അനുകരിക്കുക

**ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ**

കോഴിക്കോട്: വിശുദ്ധ അൽഫോൻസാമ്മയുടെയും മറ്റ് വിശുദ്ധരുടേയും ജീവിതം ചൂണ്ടിക്കാട്ടി അവൾക്കും അവനും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് നമുക്കായിക്കൂടാ എന്ന ചോദ്യവുമായി ആധുനിക ലോകത്തിന്റെ പ്രവണതകൾക്ക് വശംവദരാകാതെ വിശുദ്ധിയുടെ ജീവിതം നയിക്കുവാനായി കോഴിക്കോട് രൂപതാദ്ധ്യക്ഷൻ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ യുവജനങ്ങളോട് ആഹ്വാനം ചെയ്തു.

കോഴിക്കോട് സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടന്ന രൂപത, മേഖല, ഇടവക യുവജന ഭാരവാഹികളുടെ ഏകദിന സെമിനാറിൽ സംസാരിക്കവെയാണ് യുവജനങ്ങൾ വിശുദ്ധരുടെ ജീവിതപാത പിഞ്ചെല്ലുവാനായി രൂപതാദ്ധ്യക്ഷൻ ആഹ്വാനം ചെയ്തത്. പ്രസ്തുത സെമിനാറിന് രൂപത യൂത്ത് കോ-ഓർഡിനേറ്റർ ഫാ. ജിജു പള്ളിപ്പറമ്പിൽ സ്വാഗതമരുളുകയും വിഷയം അവതരിപ്പിക്കുകയും ചെയ്തു. അജപാലനശുശ്രൂഷ സമിതി കോ-ഓർഡിനേറ്റർ ഡോ. അലോഷ്യസ് കുളങ്ങര അധ്യക്ഷത വഹിച്ചു. കെ.ആർ.എൽ.സി.ബി.സി. യുവജന നയരേഖയും പ്രവർത്തനമണ്ഡലങ്ങളും എന്ന വിഷയത്തിൽ മേൽ കെ.ആർ.എൽ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. പോൾ സണ്ണി സെമിനാർ നയിച്ചു.

സ്ഥാനമൊഴിഞ്ഞ കെ.സി.വൈ.എം. ഡയറക്ടർ ഫാ. ബാബു പോൾ ഒ.സി.ഡി, സി.എൽ.സി. ഡയറക്ടർ ഫാ. സൈമൺ പീറ്റർ,



ജീസസ് യൂത്ത് ഡയറക്ടർ ഫാ. റെനി ഫ്രാൻസീസ് എന്നിവർക്ക് യാത്രയയപ്പ് നൽകി. പുതുതായി സ്ഥാനമേറ്റ കെ.സി.വൈ.എം. ഡയറക്ടർമാർ ഫാ. സനൽ ലോറൻസ്, ഫാ. ജോൺസൺ കെ.എസ്, സി.എൽ.സി. ഡയറക്ടർമാർ ഫാ. ഡാനി ജോസഫ്, ഫാ. വില്യം മെൻന്റോൺസ, ജീസസ് യൂത്ത് ഡയറക്ടർമാർ ഫാ. പോൾ എ.ജെ, ഫാ. സജീവ് വർഗീസ് എന്നിവരെ യുവജന കുടുംബത്തിലേക്ക് സ്വീക രിക്കുകയും സ്ഥാനകൈമാറ്റച്ചടങ്ങ് നടത്തുകയും ചെയ്തു. കെ.സി. വൈ.എം. പ്രസിഡണ്ട് ശ്രീ. രജീഷ്, മുൻ പ്രസിഡണ്ട് ശ്രീ. ബോബി വർഗീസ്, സി.എൽ.സി. പ്രതിനിധി ശ്രീ. ഡെയ്സൺ എന്നിവർ ആശം സകൾ അർപ്പിച്ചു. റവ. ഫാ. പോൾ എ.ജെ. കൃതജ്ഞത അർപ്പിച്ചു. ഭൗതിക ഒരുക്കങ്ങൾക്ക് സെന്റ് ജോസഫ് ഇടവക പാരീഷ് കൗൺസിൽ നേതൃത്വം നൽകി.



കോഴിക്കോട് രൂപത കെ.സി.വൈ.എം. ഭാരവാഹികളുടേയും ആനിമേറ്റേഴ്സി ന്റേയു ം ഒരു ഒത്തുവാസം വൈത്തിരി സെന്റ് ജോസഫ്സ് ദേവാലയത്തിൽവെ ച്ച് നടന്നു. രൂപത ഡയറക്ടർ റവ. ഫാ. സനൽ അധ്യക്ഷനായിരുന്നു.



# കോഴിക്കോട് രൂപതയിൽനിന്ന് പുതിയ കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി

കോഴിക്കോട് രൂപത കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ കുമാരി ലിൻസി അഗസ്റ്റ്യൻ മടത്തിലിനെ തിരുവല്ല അതിരൂപതയിൽ വച്ച് നടന്ന സംസ്ഥാന കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റിൽ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്തു. ലിൻസി പയ്യോളി തിരുഹൃദയ ഇടവകാംഗമാണ്. കോഴിക്കോട് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടന്ന രൂപത-മേഖല-ഇടവക യുവജന ഭാരവാഹികളുടെ യോഗത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വർഗീസ് ചക്കാലയ്ക്കൽ പിതാവ് ലിൻസിക്ക് അനുമോദനം അർപ്പിച്ചു.

## പ്രത്യാശ

എച്ച്. ഐ.വി. എയ്ഡ്സ് രോഗികളെയും സമൂഹത്തിൽനിന്നും പുറന്തള്ളപ്പെട്ട അശരണരെയും സംരക്ഷിക്കുന്ന പ്രത്യാശ എന്ന സ്ഥാപനത്തിലേക്ക് മലാപ്പറമ്പ് ക്രിസ്തുരാജ ദേവാലയത്തിൽനിന്നും സമാഹരിച്ച ജീവകാരുണ്യഫണ്ട് ഇടവക വികാരി ഫാ. ആന്റോ ഡൈനീഷ്യസ് പ്രത്യാശ കോർഡിനേറ്റർ സി. ഫിലോക്ക് കൈമാറുന്നു.








# ഔഷ്വിറ്റ്സ് ഓർമ്മകളിൽനിന്നും ഓർമ്മിപ്പിക്കാനൊരു നിലവിളി

ഔഷ്വിറ്റ്സ് ഇന്ന് ലോകം മുഴുവനുമറിയുന്ന ഒരിടമാണ്. രണ്ടാംലോക മഹായുദ്ധകാലത്ത് (1939–1945) ഹിറ്റ്ലറിന്റെ നേതൃത്വത്തിലുള്ള നാത്സി ജർമ്മനി യൂറോപ്പിന്റെ പലയിടങ്ങളിൽ സ്ഥാപിച്ച കോൺസൻട്രേഷൻ/ ലേബർ എക്സ്റ്റെർമിനേഷൻ ക്യാമ്പുകളിൽ ഏറ്റവും കുപ്രസിദ്ധം തെക്കൻ പോളണ്ടിലെ ഒഷ്വിയെചിം പട്ടണത്തിന് പുറത്ത് സ്ഥാപിക്കപ്പെട്ട ഈ ക്യാമ്പാണ്. വാസ്തവത്തിൽ മൂന്ന് സ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്ന ക്യാമ്പുകളുടെ ഒരു ശൃംഖലയാണ് ഔഷ്വിറ്റ്സ്. യുദ്ധകാലത്ത് പോളണ്ട് അധിനിവേശം ചെയ്ത ജർമ്മനി പോളിഷ് നേതാക്കളെയും ധാഷിണിക രെയും തടവിലിടാൻ വേണ്ടി ആരംഭിച്ചതാണീ ക്യാമ്പ്. എന്നാൽ അധികം താമസിയാതെ മൂന്ന് ഭാഗങ്ങളിലായി ഈ ക്യാമ്പ് വികസിപ്പിക്കപ്പെട്ടു. ജർമ്മനി കൈവശമാക്കിയതും രാഷ്ട്രീയബന്ധം സ്ഥാപിച്ചതുമായ മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും യഹൂദരെ കൂട്ടമായി ഈ ക്യാമ്പുകളിലേക്കെത്തിക്കാൻ തുടങ്ങി. ജിപ്സികളും ചില ന്യൂനപക്ഷങ്ങളും റഷ്യക്കാരുൾപ്പെട്ട രാഷ്ട്രീയ തടവുകാരും ഈ ക്യാമ്പുകളിലേക്കെത്തിക്കപ്പെട്ടു. മെയ് 1940 മുതൽ ജനുവരി 1945 വരെ പ്രവർത്തിച്ച ഈ ക്യാമ്പുകൾ മനുഷ്യചരിത്രം അതുവരെ കണ്ടിട്ടില്ലാത്ത ക്രൂരകരൾക്കും കൂട്ടക്കൊലപാതകങ്ങൾക്കും സാക്ഷ്യം വഹിച്ചു. ഗ്യാസ് ചേമ്പറുകളും ക്രിമറ്റോറിയങ്ങളും നിർമിച്ചുകൊണ്ടാണ് അനേകമനുഷ്യരെ ഒരുമിച്ച് ഉൻമൂലനം ചെയ്യാൻ നാത്സികൾ വഴികണ്ടെത്തിയത്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ച



വർഷം 1945 ജനുരിയിൽ സോവിയറ്റ് റെഡ് ആർമി അവിടെത്തും മുമ്പ് തങ്ങളുടെ ക്രൂരതകളുടെ സകല തെളിവുകളും നശിപ്പിക്കാനായി നാസികൾ ഈ ക്യാമ്പുകൾ ബോംബിട്ട് തകർത്തിരുന്നു. പല ഡോക്യുമെന്റുകളും കത്തിച്ചുകളഞ്ഞു. 6000-ത്തിനു മുകളിലുണ്ടായിരുന്ന ജർമൻ പട്ടാളക്കാർ ക്യാമ്പ് വിട്ടു. എന്നിട്ടും 155 കെട്ടിടങ്ങളും ആയിരക്കണക്കിന് വസ്തുക്കളും ഒരു നിയോഗം പോലെ അവശേഷിക്കപ്പെട്ടു. വരുംതലമുറക്ക് ഒരു പാഠമായി. 1947ൽ പോളിഷ് ഭണകൂടം ഈ പ്രദേശത്തെ ഒരു മ്യൂസിയമായി ഒരുക്കി. ഇന്നിത് യുനസ്കോയുടെ വേൾഡ് ഹെറിറ്റേജ് സെന്റർ ആയി മാറിയിരിക്കുന്നു.

ക്രാക്കോവിലേക്കുള്ള യാത്ര തീരുമാനിച്ച ഉടൻ മനസ്സിലുറപ്പിച്ചതായിരുന്നു ഔഷ് വിറ്റ്സ് സന്ദർശിക്കുമെന്നത്. ക്രാക്കോവിൽ നിന്നും രാവിലെയും ഉച്ചകഴിഞ്ഞും ചെറിയ ഗ്രൂപ്പുകളെ ഔഷ് വിറ്റ്സ് സന്ദർശനത്തിന് കൊണ്ടുപോകുന്ന ധാരാളം ഏജൻസികളുണ്ട്. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന ഒരു ഗൈഡിനെയും അവർ ഏർപ്പാട് ചെയ്യും. അത്തരം ഒരു ഗ്രൂപ്പിനോടുകൂടെയാണ് ഞാൻ ഔഷ് വിറ്റ്സിലേക്ക് യാത്ര ചെയ്തത്. ഏതാണ്ട് 20 പേരടങ്ങുന്നതായിരുന്നു എന്റെ ഗ്രൂപ്പ്. ഇംഗ്ലീഷ് മാതൃഭാഷയായവരും ഇറ്റാലിയനും സ്പാനിഷും സംസാരിക്കുന്നവരും ആ ഗ്രൂപ്പിലുണ്ടായിരുന്നു. ഒരു മിനിബസ്സിൽ യാത്രയാരംഭിച്ചു. ക്രാക്കോവ് ടൗൺ പിന്നിട്ട് തെക്കൻ പോളണ്ടിന്റെ ഹരിതഭംഗി നിറഞ്ഞ ഭൂപ്രദേശങ്ങളിലൂടെയായിരുന്നു യാത്ര. ഒന്നര മണിക്കൂറോളമുണ്ട് യാത്ര. ഇതിനിടയിൽ ഔഷ് വിറ്റ്സിനെക്കുറിച്ചുള്ള ഒരു വീഡിയോയും ബസിൽ പ്രദർശിപ്പിച്ചു. 1945-ൽ സോവിയറ്റ് പട്ടാളക്കാർ ഔഷ് വിറ്റ്സിൽ എത്തിയ സമയത്ത് അവർ കണ്ട കാഴ്ചകളും അവശേഷിപ്പിക്കപ്പെട്ട കുറേ തടവുകാരും അവരുമായി പിന്നീട് നടത്തുന്ന അഭിമുഖങ്ങളുമായിരുന്നു അതിൽ. പലപ്പോഴും ബസ്സിലിരിക്കുന്ന മറ്റുള്ളവർ കാണാതെ പലപ്പോഴും ഞാൻ കണ്ണുകൾ തുടച്ചു. ഞാൻ കാണാനും അനുഭവിക്കാനും പോകുന്നതിന്റെ ഭാരം പതിയെ നെഞ്ചിലേക്കിറങ്ങിവരുന്നു!

ഞങ്ങൾ സന്ദർശിച്ച ആദ്യത്തെ സ്മാരകം ഔഷ് വിറ്റ്സ്-1 ക്യാമ്പ് ആയിരുന്നു. ഒരു സമയത്ത് പോളീഷ് മിലിട്ടറി ബാരക് ആയിരുന്ന ഇവിടമാണ്

ആദ്യം പോളീഷ് രാഷ്ട്രീയ തടവുകാരെയും കുറച്ച് യഹൂദരേയും താമസിപ്പിക്കാനായി തിരഞ്ഞെടുത്തത്. ക്യാമ്പിലേക്കുള്ള പ്രവേശനകവാടത്തിലെ ഗെയിറ്റിനു മുകളിൽ ജർമൻ ഭാഷയിലുള്ള ഈ വാചകമുണ്ട്. 'ആർബൈറ്റ് മാക്റ്റ് ഫ്രൈ' അധ്വാനം നിങ്ങളെ സ്വതന്ത്രരാക്കും." ഒരു വ്യാജപരസ്യം പോലെ അതുമല്ലെങ്കിൽ ഒരു ക്രൂരഫലിതം പോലെ ഈ വാചകം അന്ന് തടവുകാരെയും ഇന്ന് നമ്മെയും സ്വാഗതം ചെയ്തുകൊണ്ട് അവിടുണ്ട്. ഇവിടെയും മറ്റു ക്യാമ്പുകളിലും കൊണ്ടുവരപ്പെട്ട ദശലക്ഷം മനുഷ്യരെ ആരെയും അധ്വാനം സ്വതന്ത്രമാക്കിയില്ല. ആറു വർഷങ്ങളുടെ കാലയളവിൽ ദശലക്ഷം മനുഷ്യർ പകർച്ചവ്യാധിയാലും പട്ടിണിയാലും കഠിനമായ ജോലിയാലും ഗ്യാസ് ചേംബറിനുള്ളിലും മരണം പൂകി. മനുഷ്യഹീനമായ അസ്വാതന്ത്ര്യത്തിൽ നിന്നും വേദനയിൽ നിന്നും അപമാനത്തിൽ നിന്നും പീഡകളിൽ നിന്നും മരണം മാത്രമാണവരെ സ്വതന്ത്രരാക്കിയത്!

ഈ ക്യാമ്പിനുള്ളിലെ പഴയ ബാരക്കുകൾ പലതും അതേപടി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയ്ക്കുള്ളിലാണ് ഔഷ് വിറ്റ്സ് ക്യാമ്പുകളുടെ ചരിത്രവും ഫോട്ടോകളും പല ഡോക്യുമെന്റുകളും ക്യാമ്പുകളിലെത്തിച്ചേർന്ന മനുഷ്യരുടെ കൈവശമുണ്ടായിരുന്ന വസ്തുക്കളുമൊക്കെ പ്രദർശിപ്പിച്ചിരിക്കുന്നത്. തുടക്കത്തിൽ ക്യാമ്പിൽ, പ്രത്യേകിച്ചും, ഔഷ് വിറ്റ്സ്-1ൽ എത്തിച്ചേർന്ന തടവുകാരുടെ ഫോട്ടോകളും വ്യക്തിപരമായ കാർഡുകളുമടക്കം കൃത്യമായ കണക്കുകളും വിവരങ്ങളും നാസി ഉദ്യോഗസ്ഥർ സൂക്ഷിച്ചിരുന്നു. പിന്നീട് ഔഷ് വിറ്റ്സ്-2 ആരംഭിച്ചപ്പോഴേക്കും എത്തിച്ചേർന്നവരുടെ ഭീമമായ എണ്ണം പരിഗണിച്ച് പൊതുവായ ഒരു ഫയലിലേക്ക് വിവരങ്ങൾ ചുരുങ്ങി. ഫോട്ടോയ്ക്ക് പകരം ഓരോരുത്തരുടെയും കൈത്തണ്ടയിൽ ഒരു നമ്പർ പച്ചകുത്താൻ ആരംഭിക്കുകയും ചെയ്തു. ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന ഒരു ഫോട്ടോ അറസ്റ്റ് ചെയ്യപ്പെട്ട് ക്യാമ്പിലേക്ക് കൊണ്ടുവരപ്പെടുന്ന ഒരു കൂട്ടം ഫ്രാൻസിസ്കൻ വൈദീകരുടേതാണ്. 1939-ലാണത്. അതേ വർഷം തന്നെ ഫ്രാൻസിസ്കൻ സന്യാസിയായിരുന്ന മാക്സ്മില്യൻ മരിയ റെയ്മണ്ട് കോൾബെയും അറസ്റ്റ് ചെയ്യപ്പെട്ടതാണ്. പക്ഷെ അദ്ദേഹത്തെ ജർമൻ പട്ടാളക്കാർ സ്വതന്ത്രനാക്കി. ആശ്രമത്തിൽ തിരിച്ചെത്തിയ അദ്ദേഹം ചെയ്തത് അഭയാർത്ഥികളായ 3000-ൽപരം പോളീഷ് മനുഷ്യർക്ക് അഭയമൊരുക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യുകയായിരുന്നു. അതിൽ 2000ൽപേർ യഹൂദരുമായിരുന്നു. 1941-ൽ ഫാ. മാക്സ്മില്യൻ കോൾബെ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. അധികം താമസിയാതെ തന്നെ ഔഷ് വിറ്റ്സ് -1 ലേക്ക് അയയ്ക്കപ്പെടുകയും ചെയ്തു. 16770 നമ്പർ തടവുകാരനായി! ഈ ക്യാമ്പിലെ 11-ാം ബ്ലോക്ക് കുപ്രസിദ്ധമാണ്. മരണബ്ലോക്ക് എന്നാണറിയപ്പെടുന്നത്. ഈ ബ്ലോക്കാണ് ക്യാമ്പിലെ ജയിലായി ഉപയോഗിക്കപ്പെട്ടിരുന്നത്. മരണത്തിന് വിധിക്കപ്പെട്ടിരുന്നവരെ ഇതിനുള്ളിലെ തന്നെ വിവിധ

സെല്ലുകളിലേക്ക് മാറ്റും. അതിൽ രണ്ടെണ്ണം (നം. 21ഉം 27ഉം) അവരെ പട്ടിണിക്കിട്ട് കൊല്ലുന്നിടമാണ്. സൈക്ലോൺ-ബി എന്ന വിഷവാതകം ഉപയോഗിച്ച തടവുകാരെ ഉൻമൂലനം ചെയ്യാനുള്ള പരീക്ഷണം നടന്നതും നം. 27 സെല്ലിൽ വെച്ചായിരുന്നു. വേറൊന്ന് 'ഇരുട്ടുമുറി.' മറ്റൊന്ന് തടവുകാരെ ഇരിക്കാനോ കിടക്കാനോ അനുവദിക്കാതെ ദിവസങ്ങളോളം നിർത്തി മരണത്തിലേക്ക് തള്ളിവിടുന്നിടം. അത്യാവശ്യം വിവരങ്ങൾ നൽകി ഞങ്ങളെ 11 -ാം ബ്ലോക്കിലേക്ക് കയറ്റുമ്പോൾ ഞങ്ങളുടെ ഗൈഡ് ഓർമിപ്പിച്ചിരുന്നു. ഇതിനകത്തെ ഓർമ്മകളെ ബഹുമാനിക്കുക. ഫോട്ടോയെടുക്കാൻ അനുവാദമില്ലാതെ ചുരുക്കം ഇടങ്ങളിൽ ഒന്നാണിത്. നിശ്ശബ്ദമായി ആ ബ്ലോക്കിലെ വിവിധ സെല്ലുകൾ നടന്നു കാണുമ്പോൾ എവിടെ നിന്നൊക്കെയോ മരണത്തിന്റെ തണുപ്പ് ശരീരത്തിൽ പടർന്ന് കയറുമ്പോലെ തോന്നും. അതിനിടയിലാണ് ഗൈഡ് സൂചിപ്പിക്കാതിരുന്ന ഒന്നിന് ഞാൻ സാക്ഷ്യം വിച്ചത്. ഒരു സെല്ലിനുള്ളിൽ ക്രിസ്തീയ ചിത്രങ്ങൾ! ഒരു ഈസ്റ്റർ തിരിയും അതിനിരുവശത്തുമായി സാമാന്യം വലിപ്പമുള്ള മറ്റ് രണ്ടു തിരികളും. ഒരു തിരിയിൽ ഒരു ജപമാലയും ചുറ്റിയിട്ടുണ്ട്. അവയ്ക്ക് മുമ്പിലായി ഒരു ഫലകം. ഈ സെല്ലിൽ വെച്ചാണ് 1941ൽ ഫാ. മാക്സിമില്യൻ കോൾബെ മറ്റൊരു തടവുകാരനെ രക്ഷിക്കാനായി തന്റെ ജീവൻ ത്യജിച്ചത്. അപ്രതീക്ഷിതമായി കൺമുമ്പിലെത്തിയ ആ ദൃശ്യം കുറേ നേരം എന്നെ അവിടെ പിടിച്ചു നിർത്തി. ഗ്രൂപ്പംഗങ്ങൾ ഒന്നു നോക്കിക്കൊണ്ട് പുറത്തേക്ക് നടക്കാൻ ആരംഭിച്ചപ്പോഴും ആ 21-ാം സെല്ലിനു പുറത്ത് നിറഞ്ഞ കണ്ണുകളോടെ ഞാൻ നിന്നു. ചെറുപ്പം മുതലേ പറഞ്ഞുകേട്ട ഈ വിശുദ്ധന്റെ ചിത്രം ഞാനവിടെ നിന്ന് ഓർത്തു. രക്ഷപ്പെടുന്ന ഒരു തടവുകാരനു പകരം അതേ ബ്ലോക്കിലെ 10 തടവുകാരെ വധിക്കുക എന്ന ക്യാമ്പ് പോളിസിയുടെ ഭാഗമായിരുന്നു 4-ാം ബ്ലോക്കിലെ 10 പേരെ പട്ടിണിയ്ക്കിട്ട് കൊല്ലാൻ വിധിക്കുന്നത്. 1941 ജൂലൈ മാസം അവസാനത്തിലായിരുന്നു അത്. കാരണം. അതേ ബ്ലോക്കിലെ ഒരു തടവുകാരനെ കാണാനില്ല (ആ മനുഷ്യനെ പിന്നീട് ക്യാമ്പിലെ കക്കൂസ് ടാങ്കിൽ മുങ്ങിമരിച്ച നിലയിൽ കണ്ടെത്തി) കൊല്ലപ്പെടാൻ തിരഞ്ഞെടുത്തവരിൽ ഒരാൾ പോളീഷ് ആർമി സെർജന്റ് ആയിരുന്ന ഫ്രാൻചിഷെക് ഗയോവ്നിചെക് എന്ന മനുഷ്യനായിരുന്നു. തന്റെ ഭാര്യയേയും കുട്ടികളെയും ഓർത്തു അദ്ദേഹത്തിന്റെ രോദനം കേട്ട ഫാ. മാക്സിമില്യൻ അസാധാരണമായ ധൈര്യത്തോടെ സബ് കമാൻഡർ കാർൽ ഫ്രിറ്റ്ഷിനു മുമ്പിലേക്ക് കയറി നിന്ന് അയാൾക്ക് പകരം താൻ മരിച്ചുകൊള്ളണമെന്നറിയിച്ചു. സാധാരണഗതിയിൽ ഇത്തരമൊരു പ്രവർത്തി കണ്ടാൽ ആ നിമിഷം വെടിവെയ്ക്കുകയായിരുന്നു അവരുടെ രീതി. അതുമല്ലെങ്കിൽ ഫാ. മാക്സിമില്യനേയും അവരെല്ലാവരോടും കൂടെ മരണബ്ലോക്കിലേക്ക് പറഞ്ഞുവിടാം. ആ ഓഫീസർ കുറച്ചു നിമിഷങ്ങൾ നിശ്ശബ്ദമായി നിന്നാ

ലോചിച്ചു. എന്നിട്ട്, ഫ്ലാൻചിഷെക് ഗയോവ്നിചെകിനെ മരണശിക്ഷയിൽ നിന്നൊഴിവാക്കാനും ഫാ.മാക്സിമില്യൻ കോൾബെയെ പകരക്കാരനായി അയയ്ക്കാനും ഉത്തരവിട്ടു. ഫ്രാൻചിഷെക് ഗയോവ്നിചെകിന് സംഭവിച്ച തൊന്നും വിശ്വസിക്കാനായില്ല. ഔഷ് വിറ്റ്സിന്റെ ചരിത്രത്തിൽ ആദ്യമായും അവസാനമായും സംഭവിച്ച ഒരു മഹാ സംഭവമായിരുന്നു അത്! തന്റെ വിശ്വാസത്തിന്റെ ബലം മരണത്തിനു വിധിക്കപ്പെട്ട മറ്റുള്ളവരിലേക്കും അദ്ദേഹം പകർന്നുനൽകി. കൂടെയുണ്ടായിരുന്ന എല്ലാവരും മരിച്ചു കഴിഞ്ഞിട്ടും ഫാ. മാക്സിമില്യൻ കോൾബെ ജീവനോടെയിരുന്നു. രണ്ടാഴ്ചക്കുമേൽ കഴിഞ്ഞിരുന്നു അദ്ദേഹത്തെ ആ സെല്ലിലേക്ക് മാറ്റിയിട്ട്. അവസാനം ആഗസ്റ്റ് 14-ാം തിയ്യതി ഫെനോൽ എന്ന വിഷദ്രാവകം കുത്തിവെച്ച് അദ്ദേഹത്തെ വധിച്ചു. മരണത്തിൽ നിന്നും രക്ഷപ്പെട്ട ഫ്രാൻചിഷെക് ഗയോവ്നിചെക് പിന്നീട് മറ്റൊരു ക്യാമ്പിലേക്ക് മാറ്റപ്പെടുകയും 1944-ൽ സ്വതന്ത്രനാക്കപ്പെടുകയും ചെയ്തു. 1971 ഒക്ടോബറിൽ ഫാ. മാക്സ്മില്ല്യൻ കോൾബെയെ പോൾ ആറാമൻ പാപ്പ വാഴ്ത്തപ്പെട്ടവനായ് പ്രഖ്യാപിച്ചപ്പോൾ ഗയോവ്നിചെക് സന്നിഹിതനായിരുന്നു. വർഷങ്ങൾക്കുശേഷം 1982 ഒക്ടോബറിൽ ജോൺ പോൾ രണ്ടാമൻ പാപ്പ മാക്സ്മില്ല്യൻ കോൾവയെ വിശുദ്ധനായി പ്രഖ്യാപിച്ച ചടങ്ങിലും ഫ്രാൻചിഷെക് ഗയോവ്നിചെക് പ്രധാന അതിഥിയായിരുന്നു. 1995 -ൽ തന്റെ 95-ാം വയസ്സിലാണ് ഫ്രാൻചിഷെക് ഗയോവ്നിചെക് മരിക്കുന്നത്. വി.മാക്സിമില്യൻ കോൾബെയുടെ ജീവിതത്യാഗത്തിലൂടെ ലഭിച്ച 53 വർഷത്തെ അധിക ജീവിതത്തിന് അദ്ദേഹമെന്നും നന്ദിയുള്ളവനായിരുന്നു. മാക്സ്മില്യൻ കോൾബെ മരണം വരിച്ച ഓഗസ്റ്റ് 14നാണ് ഈ വിശുദ്ധന്റെ തിരുനാൾ സഭ ആഘോഷിക്കുന്നത്. ഈ മാസം ഓഗസ്റ്റ് 14ന് എന്റെ ഓർമ്മകൾ ഔഷ് വിറ്റ്സ് ക്യാമ്പിലെ 11-ാം ബ്ലോക്കിലേക്ക് ഒരിക്കൽക്കൂടെ എന്നെയെത്തിച്ചു. വിശുദ്ധനെക്കുറിച്ച് കൂടുതൽ വായിച്ച കൂട്ടത്തിൽ ഞാനിതുവരെ കേൾക്കാത്ത ചില വിവരങ്ങൾ കൂടെ ലഭിച്ചു. അതിലൊന്ന്, ഞാൻ ഡോക്ടറേറ്റ് ചെയ്ത റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും അദ്ദേഹം 1915-ൽ ഫിലോസഫിയിൽ ഡോക്ടറേറ്റ് നേടിയതെന്നതാണ്. രണ്ടാമത്തേത് അദ്ദേഹത്തിന്റെ ഇന്ത്യാസന്ദർശനമാണ്. അതും കേരളത്തിൽ! പരിശുദ്ധ അമ്മയുടെ വലിയ ഭക്തനായിരുന്ന വി.കോൾബെ 1930കളിൽ ഇമ്മാക്കുലാത്ത മൂവ്മെന്റിന്റെ പ്രചരണാർത്ഥം ജപ്പാൻ സന്ദർശിച്ചു. 1932-ൽ ആലുവായിൽ സന്ദർശനം നടത്തിയ അദ്ദേഹം ഒരു കമ്യൂണിറ്റി സ്ഥാപിച്ചെങ്കിലും പിന്നീടത് നിന്നുപോയി.

ഔഷ് വിറ്റ്സിൽ നിന്നുള്ള മറ്റ് വിവരങ്ങളുമായി ഇനി അടുത്ത പ്രാവശ്യം.






# നിറമനസ്സോടെ...

മഹാജൂബിലി വർഷമായ "ക്രിസ്തു ജയന്തി 2000ലാണ് കേരള കാത്തലിക്കാ സഭയിൽ ലോഗോസ് ക്വിസിന് ആരംഭം കുറിക്കുന്നത്. വചത്തിലൂടെ ദൈവത്തെ അറിയുവാനും ദൈവത്തിൽ ആഴപ്പെടുവാനുമായി തുടങ്ങിവെച്ച ഈ സംരംഭത്തിന്റെ വളർച്ച അത്ഭുതാവഹമാണ്. കേരളത്തിലെ മുഴുവൻ കത്തോലിക്കരും പങ്കെടുക്കുന്ന ഈ ക്വിസ് മൽസരം ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന ബൈബിൾ ക്വിസ് മൽസരമാണ്. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി (കെ.സി.ബി.സി.) യുടെ നേതൃത്വത്തിലാണ് ലോഗോസ് ക്വിസ് മൽസരം സംഘടിപ്പിക്കുന്നത്.

കോഴിക്കോട് രൂപതയും ലോഗോസ് ക്വിസിന് പങ്കെടുക്കാൻ ഒരുങ്ങിക്കഴിഞ്ഞു. 54 പരീക്ഷ കേന്ദ്രങ്ങളിൽ നിന്നായി 5743 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രൂപതാതലത്തിൽ 2014 സപ്തംബർ 28ന് ഉച്ചക്ക് രണ്ടു മുതൽ 3.30 വരെയും സംസ്ഥാന തലത്തിൽ 2014 നവംബർ രാവിലെ 10 മുതലുമാണ് ക്വിസ് മൽസരം നടക്കുക. രൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച Immaulate Conception Church, Manathavady (364),Sacred heart Church, Kalpetta (338), Holy Cross Church, Poomala ഇടവകകളാണ്. ഈ ഇടവകകളിലെ വികാ

രിയച്ചൻമാർക്ക് (ഫാ.ജെയ്സൺ, ഫാ. വില്യം, ഫാ. ഫ്രാൻസൺ, ഫാ. ജോൺസൺ കൊച്ചുപറമ്പിൽ) പ്രത്യേകം അഭിനന്ദനങ്ങൾ നേർന്നു കൊള്ളുന്നു. ദൈവവചനം പഠിച്ച് ലോകത്തിന് ദൈവസാക്ഷികളായി മാറാൻ ഓരോരുത്തർക്കു ലോഗോസ് ക്വിസ് സഹായകമാകട്ടെ എന്നാശംസിക്കുന്നു.

www. kerala bible society.com എന്ന വെബ്സൈറ്റിൽ ലോഗോസ് ക്വിസിന്റെ പ്രത്യേക പേപ്പർ പഠനസഹായം ലഭ്യമാണ്.

**ഫാ. ടോണി ഗ്രേഷ്യസ്**
മതബോധന ഡയറക്ടർ

## കോഴിക്കോട് മേഖല പ്രധാനാധ്യാപകരുടെ യോഗം

26.7.14 ശനിയാഴ്ച 20.2.30ന് കോഴിക്കോട് മേഖലാ മതബോധന രംഗത്തെ പ്രധാനാധ്യാപകരുടെ യോഗം നവജ്യോതിസ് റിന്യൂവൽ സെന്ററിൽ വെച്ച് നടത്തി.

യോഗാധ്യക്ഷനായ റവ.ഫാ.ജിയോലിൻ ഏടേഴത്ത് സപ്തംബർ 9,15 തിയ്യതികളിൽ നടക്കുന്ന മേഖലാ ബൈബിൾ കലോൽസവത്തെക്കുറിച്ച് സംസാരിക്കുകയും അതിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

ബൈബിൾ കലോൽസവ രജിസ്ട്രേഷൻ ഓഗസ്റ്റ് 25ന് സമാപിക്കുമെന്നും പിന്നീട് യാതൊരു മാറ്റവും വരുത്താൻ പാടില്ലെന്നും യോഗം തീരുമാനിച്ചു. അപ്പീലുകൾ സ്വീകരിക്കുന്നതിനായി പ്രത്യേക ജൂറികൾ നിയോഗിച്ചു എന്നത് ഈ വർഷത്തെ ബൈബിൾ കലോൽസവത്തിന്റെ പ്രത്യേകതയാണ്. മേഖലാ ഡയരക്ടറായ റവ.ഫാ. വിമൽ ഫ്രാൻസിസ് ജനറൽ കൺവീനറായിരിക്കുമെന്നും ഫാ. ജിയോലിൻ, ഫാ.ടോണി, ഫാ.തദേവൂസ്, ഫാ.ഡാനി, ഫാ.സജി, ഫാ.സിബി എന്നിവർ കമ്മിറ്റി അംഗങ്ങളായിരിക്കുമെന്നും ഫാ.ജിയോലിൻ അറിയിച്ചു. തുടർന്ന് വിവിധ കമ്മിറ്റി ഭാരവാഹികളെയും സ്റ്റേജ് മാനേജർമാരെയും സഹായികളെയും തെരഞ്ഞെടുത്തു.

യോഗത്തിൽ 16 അധ്യാപകരും ബ്രദേഴ്സും ഫാ.ജിയോലിൻ, ഫാ. ടോണി, ഫാ.വിമൽ, ഫാ.സിബി, രൂപതാ സെക്രട്ടറി സിസ്റ്റർ മേരി റോസ്, റോസി എന്നിവരും സന്നിദ്ധരായിരുന്നു. കലോൽസവത്തിന് മുമ്പായി ഓരോ കമ്മിറ്റിയുടെയും യോഗം ചേരുന്നതാണെന്ന് അറിയിച്ചു. റവ.ഫാ.വിമൽഫ്രാൻസിസിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

# ബൈബിൾ കലോത്സവം - 2014

## കോഴിക്കോട് രൂപത

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അഖില കേരള ബൈബിൾ കലോത്സവം 2014 ഡിസംബർ 27, 28 തീയതികളിൽ തിരുവനന്തപുരം കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടുന്നതാണ്. സംസ്ഥാന തലത്തിൽ നടത്തപ്പെടുന്ന ഈ കലോത്സവത്തിനു മുമ്പായി ഇടവക, ഫെറോന, രൂപതാതലങ്ങളിൽ ബൈബിൾ കലോത്സവങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ ഈ വർഷത്തെ മേഖല/ രൂപതാ കലോത്സവത്തിൽ പാലിക്കേണ്ട നിബന്ധനകളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയാണ്.

## പൊതു വിവരങ്ങൾ

### A. രൂപതാതലമത്സരങ്ങൾ

**a) രചനാ മത്സരം**

രൂപതാതല രചനാ മത്സരങ്ങൾ മത്സരാർത്ഥികളുടെ സൗകര്യാർത്ഥം രൂപത ബൈബിൾ കമ്മീഷന്റെ മേൽനോട്ടത്തിൽ തപാൽ മുഖാന്തരം നടത്തപ്പെടുന്നതാണ്.

### B. അവതരണ മത്സരങ്ങൾ

സ്ഥലം : മദർ ഓഫ് ഗോഡ് കത്തീഡ്രൽ, കോഴിക്കോട്

**ഒന്നാംഘട്ടം** : 22 ഒക്ടോബർ 2014

മത്സര ഇനങ്ങൾ:

1. പെയിന്റിംഗ്
2. പ്രസംഗം
3. സങ്കീർത്തനാലാപനം
4. ബൈബിൾ ക്വിസ്
5. ലളിതഗാനം

**രണ്ടാംഘട്ടം** : 8 നവംബർ 2014

ടൈംടേബിൾ : 9.00 am to10.00 am രജിസ്ട്രേഷൻ

: 9.45 : ബൈബിൾ പ്രതിഷ്ഠ
കലോത്സവ ഉദ്ഘാടനം തുടർന്ന് മത്സരങ്ങൾ

മത്സര ഇനങ്ങൾ:

1. സംഘഗാനം
2. കഥാപ്രസംഗം
3. സിംഗിൾ ഡാൻസ്
4. ഗ്രൂപ്പ് ഡാൻസ്
5. തെരുവുനാടകം
6. മാർഗ്ഗം കളി
7. നാടകം

# പൊതു നിബന്ധനകൾ

## I . പ്രായപരിധി :

സംസ്ഥാനതലത്തിൽ ജൂനിയർ, സീനിയർ എന്നീ രണ്ടു വിഭാഗത്തിൽ മാത്രമേ മത്സരങ്ങൾ നടത്തപ്പെടുകയുള്ളൂ. എന്നാൽ കൂടുതൽ പങ്കാളിത്തവും, സുഗമവുമായ നടത്തിപ്പിനുമായി മേഖല/ രൂപത മത്സരങ്ങളിൽ ഏതാനും മത്സരങ്ങൾ സബ്ജൂനിയർ വിഭാഗത്തിലും, സൂപ്പർ സീനിയർ വിഭാഗത്തിലും നടത്തുന്നതായിരിക്കും.

| | | |
|---|---|---|
| **സബ് ജൂനിയർ** (I std - V std) | : | 2004 ഡിസംബർ 29നും 2009 ഡിസംബർ 28നും ഇടയ്ക്ക് ജനിച്ചവർ |
| **ജൂനിയർ** (VI std - X std) | : | 1999 ഡിസംബർ 29ാംതിയ്യതിയോ അതിനു ശേഷമോ ജനിച്ചവർ |
| **സീനിയർ** (XI std - Degree) | : | 1989 ഡിസംബർ 29 മുതൽ 1999 ഡിസംബർ 28 വരെ |
| **സൂപ്പർ സീനിയർ** (above 25) | : | 25 വയസിന് മുകളിൽ |

NB:

1. ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ, സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിലോ മത്സരിക്കാൻ അനുവാദമില്ല.
2. സൂപ്പർ സീനിയറിനും സബ് ജൂനിയറിനും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല. മറ്റു നിബന്ധനകൾ ബാധകമാണ്.
3. അവതരണ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോടു കൂടിയതുമായ ജനന സർട്ടിഫിക്കേറ്റ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതും മത്സര സമയത്ത് കരുതേണ്ടതുമാണ്.

## II. രജിസ്ട്രേഷൻ ഫീസ് :

രചനാ മത്സര വിഭാഗങ്ങളിലെ എല്ലാ ഇനങ്ങൾക്കും 50 രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്, അവതരണ മത്സരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, വ്യക്തിഗത ഇനങ്ങൾക്ക് 50 രൂപയും കഥാപ്രസംഗം, ബൈബിൾ ക്വിസ് എന്നീ ഇനങ്ങൾക്കും മറ്റ് എല്ലാ ഗ്രൂപ്പിനങ്ങൾക്കും 75 രൂപ വീതമാണ്. അവതരണ മത്സരത്തിന്റെ സ്ക്രിപ്റ്റ് സംഘാടകരെ ഏൽപ്പിക്കേണ്ടതാണ്.

## III. അവതരണ വിഷയം:

എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭിമുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതുകൊണ്ടോ മതിയാവുകയില്ല. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്.

## IV. മത്സരത്തെക്കുറിച്ചുള്ള പരാതികൾ:

മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ രേഖാമൂലം വികാരിയച്ചനോ ടീം മാനേജരോ ജൂറി ഓഫ് അപ്പീലിനെ 250 രൂപ ഫീസോടുകൂടി ഏൽപ്പിക്കേണ്ടതാണ്.

## V. ഗ്രേഡും മാർക്കുകളും

| Grade | Marks | Groups | Single |
|---|---|---|---|
| A | 70-90 | 10 Points | 5 Points |
| B | 60-69 | 7 Points | 3 Points |
| C | 50-59 | 5 Points | 2 Points |
| D | 40-49 | 3 Points | 1 Points |
| E | Below 39 | 0 | 0 |

കഥാപ്രസംഗം, ബൈബിൾ ക്വിസ് എന്നീ ഇനങ്ങൾക്ക് ഗ്രൂപ്പടിസ്ഥാനത്തിലുള്ള മാർക്കായിരിക്കും ലഭിക്കുക.

പോയിന്റ് അടിസ്ഥാനത്തിലായിരിക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുക. രചനാമത്സര ഇനങ്ങളിൽ പെയിന്റിംഗിനു മാത്രമേ പോയിന്റ് ലഭിക്കുകയുള്ളൂ.

## രചനാ മത്സരങ്ങൾ (സംസ്ഥാനതലം)

സംസ്ഥാനതലത്തിൽ രചനാമത്സരങ്ങൾ തപാൽ മുഖേനയാണ് നടത്തുന്നത്. അതിനാൽ പ്രായപരിധിയില്ലാതെ ആർക്കു വേണമെങ്കിലും പി.ഒ.സി. യിലേക്ക് 50 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി കൃതികൾ അയക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

## രചനാ മത്സരം (രൂപതാതലം)

രചനാമത്സരത്തിൽ പങ്കെടുക്കുന്നവർ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

### A. കവിത, ചെറുകഥ, നാടകരചന

1. രചനാ മത്സരങ്ങൾക്ക് പ്രായ നിബന്ധനകളില്ല.
2. ഒരു ഇടവകയിൽനിന്ന് രചനാ മത്സരങ്ങളിൽ (കവിത, ചെറുകഥ, നാടക

രചന) എത്ര പേർക്കുവേണമെങ്കിലും പങ്കെടുക്കാം.

3. രചനാമത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
4. രചനകളിൽ പേരോ മേൽവിലാസമോ എഴുതരുത്. പേരും വിലാസവും ഇടവകയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.
5. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ.
6. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.
7. രചനകൾ അയയ്ക്കുന്ന കവറിൽ 'ബൈബിൾ കലോത്സവം 2014' എന്ന് എഴുതിയിരിക്കണം
8. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചുനല്കുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. രചനകൾ രജിസ്ട്രേഷൻ ഫീസോടൊപ്പം ഡയറക്ടർ, ബൈബിൾ കമ്മീഷൻ, നവജ്യോതിസ് റിന്യൂവൽ സെന്റർ, എരഞ്ഞിപ്പാലം, കോഴിക്കോട് - 673 006 എന്ന വിലാസത്തിൽ 2014 ഒക്ടോബർ 5ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. ഈ തിയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.
9. വിദ്ഗദ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും, വിജയികളെ നിർണ്ണയിക്കുന്നതും, സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

## B. ലേഖന മത്സരം

ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തുക.

ഗ്രൂപ്പ് നമ്പർ 1: അല്മായർ

വിഷയം : "തൊഴിൽ മേഖലയും സുവിശേഷ സന്തോഷവും"

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ

വിഷയം : "പൊതുനന്മയും സഭാശുശ്രൂഷകളും"

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ

വിഷയം : "നവസുവിശേഷ വത്ക്കരണവും സന്യസ്തരും"

C. പെയിന്റിംഗ്:

പെയിന്റിംഗ് മത്സരസമയത്ത് ബൈബിളിൽനിന്നും നൽകുന്ന വിഷയത്തിനനുസരിച്ച് വേണം പെയിന്റിംഗ് നടത്തുവാൻ അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നല്കുന്നതാണ്. പെയിന്റിംഗിന് വാട്ടർകളറാണ് ഉപയോഗിക്കേണ്ടത്.

ജൂനിയർ, സീനിയർ തരംതിരിവുണ്ടായിരിക്കും. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

## പൊതു നിർദ്ദേശങ്ങൾ

I മത്സരാർത്ഥി കോഴിക്കോട് രൂപതാംഗമായിരിക്കണം. ഓർഫനേജ്, ഹോസ്റ്റൽ ഇവരെ പങ്കെടുപ്പിക്കരുത്.

II ഓരോ മത്സര ഇനങ്ങളിലും, ഓരോ വിഭാഗത്തിലും 3 എൻട്രികൾ കൃത്യ സമയത്ത് രജിസ്റ്റർ ചെയ്യുകയും അവതരണ ദിവസത്തിൽ 3 എൻട്രികൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം മത്സരത്തിന് ഹാജരായവർക്ക് പോയിന്റും, ഗ്രേഡും, സമ്മാനവും അവതരണത്തിന് ശേഷം നൽകപ്പെടുന്നതാണ്.

III മേഖല അവതരണ മത്സരങ്ങളിൽ A ഗ്രേഡോടെ 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് മാത്രമേ രൂപത അവതരണത്തിന് യോഗ്യതയുണ്ടായിരിക്കുകയുള്ളൂ.

IV ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.

V എല്ലാ അവതരണ മത്സരങ്ങളുടെയും സ്ക്രിപ്റ്റ് രജിസ്ട്രേഷൻ സമയത്ത് സംഘാടകരെ ഏൽപ്പിക്കേണ്ടതാണ്. വിഷയാസ്പദ തർക്ക പരിഹാരത്തിനും പി.ഒ.സി.യിലേക്ക് അയച്ചു കൊടുക്കേണ്ടതിനാലും സ്ക്രിപ്റ്റ് നിർബന്ധമായും നൽകേണ്ടതാണ്. അല്ലാത്തവരെ അവതരണ മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

VI സ്ക്രിപ്റ്റിൽ പേരോ മേൽവിലാസമോ എഴുതരുത്. പേരും വിലാസവും ഇടവകയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

VII അവതരണ മത്സരങ്ങൾക്കുള്ള സ്ക്രിപ്റ്റിന് രൂപതയുടെ അംഗീകാരം കിട്ടുകയും എന്നാൽ പി.ഒ.സിയുടെ അംഗീകാരം കിട്ടാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുക സാധ്യമല്ല.

## അവതരണ മത്സരങ്ങൾ

1. **ലളിതഗാനം:** സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായിരിക്കും. സബ്ജൂനിയർ വിഭാഗത്തിന് ആൺ - പെൺ വേർതിരിവില്ല. സൂപ്പർ സീനിയർ വിഭാഗത്തിനും പങ്കെടുക്കാം.

2. **സംഘഗാനം:** (സൂപ്പർ സീനിയർ വിഭാഗത്തിന് മാത്രം) സമയം 7 മിനിറ്റ്. ആൺപെൺ വേർതിരിവില്ല. സംഗീതോപകരണങ്ങൾ വായിക്കുന്ന

വരടക്കം പങ്കെടുക്കുന്നവരുടെ എണ്ണം 10 ൽ കൂടാൻ പാടുള്ളതല്ല. ഇല ക്ട്രോണിക് ഉപകരണങ്ങൾ അനുവദനീയമല്ല. ഉപകരണം വായിക്കുന്ന ആൾക്ക് പ്രായപരിധി ഇല്ല.

3. **ബൈബിൾക്വിസ് :** രണ്ട് പേർ വീതമുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. എല്ലാവരോടും എല്ലാ ചോദ്യങ്ങളും ചോദിച്ച് എഴുതിക്കുന്ന മാർഗ്ഗമാണ് സ്വീകരിക്കുക.

**ജൂനിയേഴ്സ്, സീനിയേഴ്സ് വിഷയം:**

1. സംഖ്യ, 2. ലൂക്കാ 1. തെസലോണിക്ക

4. **സങ്കീർത്തനാലാപനം :** സമയം 5 മിനിറ്റ്. പി.ഒ.സി. ബൈബിളാണ് ആലാപനത്തിന് ഉപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പമില്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും. ജൂനിയർ, സീനിയർ തരംതിരിവ് ഉണ്ടായിരിക്കും.

മനപാഠം/ബൈബിൾ/പേപ്പർ ഈ രീതി സ്വീകരിക്കാവുന്നതാണ്.

5. **പ്രസംഗം :** പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുന്നത്. സമയം 5 മിനിറ്റ്. പൊതുവിഷയം കുടുംബം മൂല്യങ്ങളുടെ ഈറ്റില്ലം

6. **കഥാപ്രസംഗം:** സമയം 15 മിനിറ്റ്. പിന്നണിയിൽ എത്ര പേർക്ക് വേണമെങ്കിലും സഹായിക്കാം. പിന്നണിയിൽ ഉള്ളവർ ഏറ്റുപാടുന്നത് അനുവദനീയമാണ്. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല.

7. **ഡാൻസ്:** സിംഗിൾ ഡാൻസ് (സബ് ജൂനിയർ, ജൂനിയർ, സീനിയർ) 7 മിനിറ്റും, സമൂഹനൃത്തം (ജൂനിയർ, സീനിയർ) 10 മിനിറ്റുമാണ്. നർത്തകരുടെ എണ്ണം 3 ൽ കുറയാനോ 9ൽ കൂടാനോ പാടില്ല. പിന്നണിയിൽ കാസറ്റുസംഗീതം മാത്രമേ പാടുള്ളൂ. ടേപ്പ് റെക്കോർഡ് ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

8. **തെരുവുനാടകം:**

1. ബൈബിൾ പ്രമേയങ്ങളായിരിക്കണം അവതരിപ്പിക്കുന്നത്.
2. സമയം 20 മിനിറ്റായിരിക്കും.
3. വസ്ത്രചമയങ്ങളാകാം, എന്നാൽ കളർ ചായങ്ങളുപയോഗിച്ചുള്ള മേക്കപ്പ് പാടില്ല. രംഗത്ത് വരുന്നവരെന്നോ പിന്നണിക്കാരെന്നോ വ്യത്യാസമില്ല. എല്ലാവരും കത്തോലിക്കരായിരിക്കണം. പ്രായപരിധി 25 വയസ്സു വരെ

9. **മാർഗ്ഗംകളി:** അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റാണ്. ഏഴു പേരെ പങ്കെടുക്കാവൂ. കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്.

**10. നാടകം :**

a) അവതരണസമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കവിയാനും പാടില്ല. സ്റ്റേജ് സജ്ജീകരണത്തിന് ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കിക്കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനു ശേഷമേ നാടകം ആരംഭിക്കാവൂ.

b) പി.ഒ.സി.യിൽ വെച്ചു നടന്ന കലോത്സവങ്ങളിൽ ഒരിക്കൽ സമ്മാനം നേടിയ നാടകങ്ങൾ വീണ്ടും മത്സരത്തിൽ അവതരിപ്പിക്കുവാൻ പാടില്ല.

c) സ്റ്റേജിൽ ബാക്ക് കർട്ടൻ, ഫ്രണ്ട് കർട്ടൻ, രണ്ട് ഫൂട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്. പ്രായപരിധി 25 വയസ്സു വരെ

## സംസ്ഥാനതലത്തിലേക്ക് മത്സരിക്കുവാൻ യോഗ്യത നേടുന്നവർ

**രചനാ മത്സരം :** ചിത്രരചനയിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർ

**അവതരണമത്സരം ഇനം**

| | | |
|---|---|---|
| ലളിതഗാനം | : ജൂനിയർ ബോയ്സ് | 'A' ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനം കിട്ടിയവർ മാത്രം |
| | : ജൂനിയർ ഗേൾസ് | |
| | : സീനിയർ ബോയ്സ് | |
| | : സീനിയർ ഗേൾസ് | |
| സങ്കീർത്തനാലാപനം | : ജൂനിയർ | " " |
| | സീനിയർ | |
| പ്രസംഗം | : ജൂനിയർ | |
| | സീനിയർ | " " |
| സിംഗിൾ ഡാൻസ് | : ജൂനിയർ | |
| | സീനിയർ | " " |
| ബൈബിൾ ക്വിസ് | : ജൂനിയർ | |
| | സീനിയർ | |
| കഥാപ്രസംഗം | : ജൂനിയർ | |
| | സീനിയർ | |
| സമൂഹനൃത്തം | : ജൂനിയർ | |
| | സീനിയർ | |
| മാർഗ്ഗംകളി | | |
| തെരുവുനാടകം | ഒന്നാംസ്ഥാനം നേടുന്നവർ മാത്രം | |
| നാടകം | | |

## മത്സരങ്ങൾ

| | രചനാ മത്സരങ്ങൾ | | രജി. ഫീസ് |
|---|---|---|---|
| 1. | കവിത | | 50 |
| 2. | ചെറുകഥ | | 50 |
| 3. | നാടക രചന | | 50 |
| 4. | ലേഖന രചന | അല്മായർ | 50 |
| 5. | " | സെമിനാരി വിദ്യാർത്ഥികൾ | 50 |
| 6. | " | സന്യാസിനികൾ | 50 |
| 7. | പെയിന്റിംഗ് | സീനിയർ | 50 |
| 8. | " | ജൂനിയർ | 50 |
| | **അവതരണ മത്സരങ്ങൾ** | | |
| 9. | ലളിതഗാനം | ജൂനിയർ ബോയ്സ് | 50 |
| 10. | " | ജൂനിയർ ഗേൾസ് | 50 |
| 11. | " | സീനിയർ ബോയ്സ് | 50 |
| 12. | " | സീനിയർ ഗേൾസ് | 50 |
| 13. | " | സബ് ജൂനിയർ | 50 |
| 14. | " | സൂപ്പർ സീനിയേഴ്സ് | 50 |
| 15. | സംഘഗാനം | സൂപ്പർ സീനിയേഴ്സ് | 75 |
| 16. | സങ്കീർത്തനാലാപനം | ജൂനിയർ | 50 |
| 17. | " | സീനിയർ | 50 |
| 18. | പ്രസംഗം | ജൂനിയർ | 50 |
| 19. | " | സീനിയർ | 50 |
| 20. | സിംഗിൾ ഡാൻസ് | സബ് ജൂനിയർ | 50 |
| 21. | " | ജൂനിയർ | 50 |
| 22. | " | സീനിയർ | 50 |
| 23. | ബൈബിൾ ക്വിസ് | ജൂനിയർ | 75 |
| 24. | " | സീനിയർ | 75 |
| 25. | കഥാപ്രസംഗം | ജൂനിയർ | 75 |
| 26. | " | സീനിയർ | 75 |
| 27. | സമൂഹനൃത്തം | ജൂനിയർ | 75 |
| 28. | " | സീനിയർ | 75 |
| 29. | മാർഗ്ഗം കളി | സീനിയർ | 75 |
| 30. | തെരുവ് നാടകം | | 75 |
| 31. | നാടകം | | 75 |

**ഫാ. ജോസഫ് നിക്കോളാസ്** **ഫാ. ടോണി ഗ്രേഷ്യസ്**

ബൈബിൾ കമ്മീഷൻ, കോഴിക്കോട്

# *Bishop's Programme*

**SEPTEMBER , 2014**

| | | |
|---|---|---|
| 01 | 10.30 a.m. | Meeting with the Secretaries KRLCC, Aluva |
| 02 | | Bishop's House, Meeting People |
| 03 | 06.00 p.m. | Feast, Brigida Bhavan, Marikunnu |
| 04 | | Bishop's House, Meeting People |
| 05 | 07.00 a.m. | Feast of Blessed Mother Teresa, Snehabhavan, Athanikkal |
| | 06.00 p.m. | Feast of Blessed Mother Teresa, Mercy Home, Marikunnu |
| 06 | 10.00 a.m. | Religious Profession, Venerini Provincial House, Cheruvannur |
| 07 | 07.00 a.m. | English Mass, Cathedral |
| | 12.00 a.m | Shalom, Marikunnu |
| | 03.30 p.m. | Distribution of Scholarship, Shalom, Calicut |
| 08 | 10.30 a.m. | Feast, Arokyamatha Chruch, Munderi |
| 09 | 10.00 a.m. | Meeting of the Choir members of our diocese |
| 10 | 10.00 a.m. | Class for the Superiors, Venerini Sisters, Cheruvannur |
| | 5.00 p.m. | Meeting of Priests ordained from 2007 to 2014, Bishop's House |
| 11 | 10.00 a.m | Meeting of Priests ordained from 2007 to 2014, Bishop's House |
| 12 | | Jubilee, St James Hospital, Chalakudy |
| 13 | 10.00 a.m. | Meeting of Extraordinary Ministers of Communion |
| 14 | 10.00 a.m. | Feast, Holy Cross Church, Manjery |
| | 05.00 p.m. | Feast, Santa Cross Chapel, Calicut |
| | 07.00 p.m. | BCC Anniversary, Malaparamba |
| 15 | 10.30 a.m. | Jubilee, MSFS Fathers, Nilambur |
| 16 | 10.30 a.m. | Diocesan Finance Committee |
| 17 | 10.30 a.m. | Religious Profession, DSS Novitiate, Tazathoor, Bathery |
| 18 | | Reunion Day celebrations, Batherry |
| 19 | 10.00 a.m | Bishop's House, Meeting people |
| 20 | 10.00 a.m. | Bishop's House, Meeting people |
| 22 | 07.00 a.m. | Mass, Death Anniversary of Bishop Aldo Maria Patroni , Cathedral |
| 23 | | Blessing of the Renovated Church, Pozuthana, Vayithiri |
| 24 | | To USA for the Episcopal Ordination of Msgr. Joy Alappatt. |


സ്വാതന്ത്ര്യത്തിന്റെ നീലാകാശം